**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **21-06-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ കെ-സ്മാർട്ട് സംവിധാനത്തിലെ ന്യൂനതകളും അപാകതകളും മുഴുവനായി പരിഹരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; അടുത്തിടെ വന്ന കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ, ഓടകൾ എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | **നഗരസഭകളിൽ നിന്ന് ലഭിക്കുന്ന K-SMART പരാതികളും പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ നഗര സഭകളിലും IKM ടെക്നിക്കൽ അസിസ്റ്റൻറ്മാരുടെ സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ വികസിപ്പിച്ചു കൊണ്ടിരിക്കുന്ന മൊഡ്യൂളുകൾ കൂടെ പ്രവർത്തന ക്ഷമമാകുന്നതോടെ ന്യൂനതകളും അപാകതകളും മുഴുവനായും പരിഹരിക്കപ്പെടുന്നതാണ്.**<br><br>പൊതു ഇടങ്ങൾ, ജലസ്രോതസുകൾ, ഓടകൾ എന്നിവയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, കേരളാ മുൻസിപ്പാലിറ്റി നിയമം ഭേദഗതി ചെയ്തിട്ടുള്ളതാണ്. സെപ്റ്റേജ് മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്, KM ആക് 340 (A)(B), കേരള പഞ്ചായത്ത് രാജ് ആക്റ്റ് 219 (S) (U)എന്നിവ പ്രകാരം 50000/- രൂപ വരെ പിഴയും ഒരു വർഷം വരെ തടവും ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ചെലവും 5000 രൂപ പിഴയും, ടി വാഹനം കണ്ടുകെട്ടുന്നതിനുള്ള നിയമവും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ KM ആക്റ്റ് 337, KPR ആക്റ്റ് 219 (K) പ്രകാരം ഓടകൾ / കാനകൾ എന്നിവയിലേക്ക് മലിന ജലം ഒഴുക്കി വിടുന്നതിനു 5000 രൂപയിൽ കുറയാതെയും 50000 രൂപയിൽ കവിയാത്തതുമായ പിഴ ചുമത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നു. നിയമ ലംഘകർക്കെതിരെ |

| | | | |
|---|---|---|---|
| | | | കർശന നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ Enforcement Squad കളും തദ്ദേശസ്ഥാപനതലത്തിൽ vigilance squadകളും പ്രവർത്തിക്കുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, റീ ടാറിംഗ് തുടങ്ങിയ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ; തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ പ്രത്യേക പരിഗണന നൽകി ബി.എം. & ബി.സി. നിലവാരത്തിൽ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | നിലവിലുള്ള Guidelines പ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ചുമതല നിർവഹണ ഏജൻസിയിൽ നിക്ഷിപ്തമാണ്. IRC specification നിഷ്കർഷിക്കുന്ന പ്രകാരമുള്ള Traffic Density, മണ്ണിന്റെ ഘടന, ഡ്രൈനേജ്, റോഡിന്റെ പ്രാധാന്യം തുടങ്ങിയവ പരിശോധിച്ചാണ് റോഡിന്റെ ഉപരിതലം നിശ്ചയിക്കുന്നത്. ഇപ്രകാരം BM & BCആവശ്യമെങ്കിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | കഴക്കൂട്ടത്തെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള വാർഡുകളിലെ തെരുവ് വിളക്ക് കത്തിക്കൽ, സ്ഥാപിക്കൽ, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | കഴക്കൂട്ടത്തെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.<br><br>തിരുവനന്തപുരം നഗരസഭ പരിധിയിലെ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും സംബന്ധിച്ച് 27/01/2024 3(E) (82) കൗൺസിൽ തീരുമാന പ്രകാരം 3 ഏജൻസികളെ ടെൻഡർ മുഖാന്തിരം തെരഞ്ഞെടുത്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. |
| (ഡി) | തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ഉണ്ടാകുന്ന വെള്ളപ്പൊക്ക ദുരിതം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; തിരുവനന്തപുരം നഗരസഭയുടെ ആദ്യത്തെ ബി.എം. & ബി.സി. റോഡായ മുക്കിൽക്കട-ആവുക്കുളം-ഇടത്തറ- അനന്ദേശ്വരം റോഡിന്റെ പണികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ പണികൾ എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ഉണ്ടാകുന്ന വെള്ളപ്പൊക്ക ദുരിതം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>മുക്കിൽക്കട-ആവുക്കുളം-ഇടത്തറ-അനന്ദേശ്വരം റോഡിൽ വാട്ടർ അതോറിറ്റിയുടേയും സിറ്റി ഗ്യാസ് കണക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ ഗാർഹിക ഗ്യാസ് കണക്ഷൻ നൽകൽ എന്നീ പ്രവർത്തികൾ നടന്നുവരുന്നു. ടി പ്രവർത്തികളുടെ restoration പൂർത്തീകരിച്ചാൽ മാത്രമേ കോർപറേഷന് പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയൂ. |
| (ഇ) | തിരുവനന്തപുരം നഗരഭയിലെ 11 വാർഡുകളിലെ ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പാങ്ങപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം നഗരസഭ നൽകി വരുന്ന സഹായങ്ങൾ വിശദമാക്കാമോ; പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾ | (ഇ) | 2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭ കുടുംബാ രോഗ്യ കേന്ദ്രം മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, പാങ്ങപ്പാറയുടെ മാനുഷിക വിഭവശേഷി ഉയർത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 76 ലക്ഷം രൂപ പ്ലാൻ |

| | | | |
|---|---|---|---|
| | വിപുലീകരിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. നഗരസഭയിൽ നിന്നും നിയമിച്ച മൂന്ന് ഡോക്ടർമാർ ഉൾപ്പെടെ 16 ജീവനക്കാരുടെ വേതനം, മരുന്ന്, മറ്റ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**(ഡി) മഴക്കാലപൂർവ്വ ശുചീകരണം**

തിരുവനന്തപുരം നഗരസഭാ പരിധിയിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 100 വാർഡുകളിലും 2024 മാർച്ച് 15 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ വാർഡതല ശുചിത്വാരോഗ്യ സമിതി യോഗങ്ങൾ കൂട്ടുകയും, ആകെ 985 പ്രവൃത്തികളുടെ ആക്ഷൻപ്ലാൻ തയ്യാറാക്കി പ്രത്യേക കൗൺസിൽ യോഗം ചേർന്ന് ടി പ്രവൃത്തികൾ അംഗീകരിച്ച് വാർഡ് ഒന്നിന് 1 ലക്ഷം രൂപാ വീതം അനുവദിക്കുകയും ഏപ്രിൽ മാസം 18 മുതൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ ശക്തമായ മഴയിൽ മരങ്ങൾ വീണ് അപകടം ഉണ്ടാകാതിരിക്കുന്നതിന് മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനായും, പമ്പ് സെറ്റുകൾ വാടകക്ക് എടുക്കുന്നതിനായും 25 ഹെൽത്ത് സർക്കിളുകൾക്ക് 25000 രൂപാ വീതവും, ആവശ്യമുള്ള സ്ഥലങ്ങളിൽ ക്യാമ്പുകൾ ആരംഭിക്കുന്നതിന് 50000 രൂപാ വീതവും, ബീച്ച് സർക്കിൾ പരിധിയിലെ വെള്ളക്കെട്ട് നീക്കം ചെയ്യുന്നതിന് പമ്പ് സെറ്റുകൾ, ടാങ്കറുകൾ എന്നിവ വാടകക്ക് എടുക്കുന്നതിന് 5 ലക്ഷം രൂപയും ആദ്യ ഘട്ടമായി അനുവദിച്ചിട്ടുണ്ട്.മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ അധികാര പരിധിയിലുള്ളതും നഗരസഭ ശുചീകരിച്ചതുമായ ഓടകൾ, കനാലുകൾ എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഡിപ്പാർട്ട്മെന്റുകളുടെ ഓടകളിൽ നീരൊഴുക്ക് അടവുള്ള സ്ഥലങ്ങളുടെ ബ്ലോക്ക് മാറ്റൽ എന്നീ പ്രവൃത്തികൾ നഗരസഭ നേരിട്ട് ചെയ്തിട്ടുള്ളതാണ്.

| SlNo | Department | No.of Work Completed |
|---|---|---|
| 1 | PWD | 61 |
| 2 | NH | 5 |
| 3 | Minor | 24 |

കൂടാതെ മറ്റു ഡിപ്പാർട്ട്മെന്റുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി 18/04/2024 ന് ബഹു. മേയറുടെ അദ്ധ്യക്ഷയതയിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും, 20/05/2024 ന് നഗരസഭാ കക്ഷിനേതാക്കളുടെ അവലോകന യോഗവും 31/05/2024ന് ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ അവലോകന യോഗവും ചേർന്ന് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യുന്നതിന് സർക്കിൾ തിരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ആയതിന്റെ അവലോകന യോഗം 03/06/2024 ന് മേയറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി.

| Completed | |
|---|---|
| **മഴക്കുഴി വൃത്തിയാക്കൽ** | **47** |
| **ഓട വൃത്തിയാക്കൽ** | **702** |
| **കുളം വൃത്തിയാക്കൽ** | **2** |
| **പുല്ല് വെട്ടൽ** | **48** |
| **ആകെ** | **799** |

| Work In Progress | |
|---|---|
| **മഴക്കുഴി വൃത്തിയാക്കൽ** | **10** |
| **ഓട വൃത്തിയാക്കൽ** | **88** |
| **കുളം വൃത്തിയാക്കൽ** | **2** |
| **പുല്ല് വെട്ടൽ** | **5** |
| **ആകെ** | **105** |

**മഴയെ തുടർന്ന് ഉണ്ടായ പ്രശ്നങ്ങളും നഗരസഭ നടത്തിയ പ്രവർത്തനങ്ങളും**

നഗരത്തിലെ തമ്പാനൂർ, ചാല, കമലേശ്വരം, പാപ്പനംകോട്, ചെന്തിട്ട, മുട്ടത്തറ, വള്ളക്കടവ്, ശ്രീവരാഹം, ശംഖുമുഖം, കാലടി, ആറ്റിപ്ര, പൂങ്കുളം, വെള്ളാർ, വെട്ടുകാട്, കണ്ണമ്മൂല, ജഗതി, കരിയ്ക്കകം, അമ്പലത്തറ എന്നീ വാർഡുകളിലാണ് പ്രധാനമായും വെള്ളക്കെട്ട് ഉണ്ടായിട്ടുള്ളത്.

**മഴക്കെടുതികൾ**

| ക്രമ നമ്പർ | മഴക്കെടുതി | എണ്ണം | പരിഹരിച്ചത് |
|---|---|---|---|
| 1 | വെള്ളക്കെട്ട് (റോഡ്) | 121 | 121 |
| 2 | വെള്ളക്കെട്ട് (വീട്) | 222 | 222 |
| 3 | മതിൽ തകർന്നത് | 14 | 14 |
| 4 | മണ്ണിടിച്ചിൽ | 3 | 3 |
| 5 | മരം വീണത് | 19 | 19 |

**അടിയന്തര നടപടികൾ**

- *Disaster Manangement Squad* : നഗരത്തിന്റെ മുഴുവൻ ഭാഗങ്ങളിലും അടിയന്തര ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നതിനായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ *Disaster Manangement Squad* രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. **സ്ക്വാഡ് നമ്പർ : 9446677838.** 31.05.2024 വരെ വെള്ളക്കെട്ട്, അപകടകാരവസ്ഥയിലുള്ള മരങ്ങൾ എന്നിവയെ സംബന്ധിച്ച് ആകെ ***24 പരാതികൾ ലഭിക്കുകയും 20 എണ്ണം*** പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.
- **വെള്ളക്കെട്ട് നീക്കം:** വെള്ളക്കെട്ടുള്ള പ്രദേശങ്ങളായ ദേശീയ പാതകൾ, വെട്ടുകാട്, മാണിക്യവിളാകം, കണ്ണമ്മൂല, ആറ്റിപ്ര, വട്ടിയൂർക്കാവ്, വള്ളക്കടവ്, ജഗതി, കമലേശ്വരം,കരിക്കകം, പെരുന്താന്നി, ശംഖുമുഖം, ശ്രീവരാഹം, എന്നീ വാർഡുകളിൽ മോട്ടോർ പമ്പുകൾ ഉപയോഗിച്ച് (നഗരസഭാ പമ്പ് - 14, വാടകക്കെടുത്ത് - 20) മഴവെള്ളം നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ബീച്ച് സർക്കിൾ പരിധിയിൽ **ബാലൻ നഗറിൽ 1 സക്ഷൻ** വാഹനം ഉപയോഗിച്ച് **46 ട്രിപ്പ്, 7 Non Drinking Tanker** വാഹനങ്ങൾ ഉപയോഗിച്ച് **163** ട്രിപ്പ് മഴവെള്ളം നീക്കം ചെയ്തു.
- രക്ഷാപ്രവർത്തകർ, പമ്പുകൾ, JCB, ടാങ്കർ ലോറികൾ, സക്കിങ് വാഹനങ്ങൾ എന്നീ സംവിധാനങ്ങൾ നഗരസഭ ഒരുക്കിയിട്ടുള്ളതും അധികം ആവശ്യമായവ വാടകക്ക് എടുക്കുന്നതിന് നടപടി ക്രമം പൂറപ്പെടുവിച്ചിട്ടുള്ളതാണ്.
- മഴക്കെടുതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ദിവസേന രാത്രി 8 മണിക്ക് ബഹു: സെക്രട്ടറിയുടെ നേതൃത്വത്തിൽ എച്ച് ഐ, ജെ എച്ച് ഐ മാരുടെ ഓൺലൈൻ യോഗം കൂടുകയും തീരുമാന പ്രകാരം പ്രവർത്തനം നടത്തിയെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു വരുന്നു.